(ബി) പ്രസ്തുത റോഡുകളുടെ മെയിന്റനൻസ് ഉൾപ്പെടെയുള്ള പണികൾ നടത്തേണ്ട ചുമതല അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു തന്നെയാണ്.

(സി) അതാതു ജില്ലകളിലെ പൊതുമരാമത്തുവകുപ്പു ഓഫീസുകളിൽനിന്നാണ് അറിയിച്ചിട്ടുള്ളത്. അറിയിപ്പ് പല ഡേറ്റുകളിലാണ് നൽകിയിട്ടുള്ളത്.

81 (225) പി.ഡ.ബ്ല്യു.ഡി. റോഡുകളുടെ ശോചനീയാവസ്ഥ

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകളുടെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെടുമങ്ങാട് താലൂക്ക് ആശുപത്രി മുതൽ പഴക്കുറ്റിവരെ റീ ടാറിംഗ് ചെയ്യുന്നതിനുവേണ്ടി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ പണിക്കുവേണ്ടി ടെണ്ടർ വിളിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ടെണ്ടർ വിളിച്ച് പണി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. 1999-2000 വർഷത്തിലെ ഉപരിതലം പുതുക്കലിനുവേണ്ടി അനുവദിച്ചിട്ടുള്ള തുകയിൽ ഉൾപ്പെടുത്തി ടി പണി ചെയ്യാനുദ്ദേശിക്കുന്നു.

(സി) ഇല്ല.

(ഡി) നിർദ്ദേശം നൽകിയിട്ടുണ്ട്.

82 (226) ആലത്തൂർ മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. പ്രവർത്തനങ്ങൾ

ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ഇപ്പോൾ നടന്നുവരുന്ന പി.ഡബ്ല്യു.ഡി. വർക്കുകൾ ഏതെല്ലാം; പ്രസ്തുത വർക്കുകൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കുമോ;

(ബി) നിലവിൽ പണി തുടങ്ങുന്നതിനായി എം.എൽ.എ.യുടെ എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്; എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) മണ്ഡലത്തിൽ എ.എസും എസ്.എസും ലഭിച്ച ഏതെല്ലാം വർക്കുകളുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly